# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2883 20.06.2013-ൽ മറുപടിയ്ക്ക്

## റോഡ് വികസനത്തിന് കമ്പനി രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.വാഹിദ്<br>,, ഷാഫി പറമ്പിൽ<br>,, സി.പി.മുഹമ്മദ്<br>,, പാലോട് രവി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പമന്ത്രി) |
| (എ) റോഡ് വികസനത്തിന് വേണ്ടി കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാന റോഡ് വികസന പദ്ധതി നടപ്പാക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (RICK) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) റോഡുകൾ ശാസ്ത്രീയമായി പുനർ നിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) സംസ്ഥാന റോഡ് വികസന പദ്ധതി രണ്ട് പാക്കേജുകളിലായാണ് നടപ്പാക്കുന്നത്. ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന 551 കി.മീ ദൈർഘ്യം വരുന്ന 35 റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും ലഘുവായ തോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമായ 653 കി.മീ ദൈർഘ്യം വരുന്ന 34 റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ വികസിപ്പിക്കുന്ന റോഡുകൾ പി.പി.പി /അന്യൂറ്റി രീതിയിലും അപ്ഗ്രഡേഷൻ പാക്കേജ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | (ഡി) റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന റോഡുകൾ അന്യൂറ്റി രീതിയിൽ കരാറെടുത്ത് നവീകരിക്കുന്നതിന് കൺസൾട്ടൻസി കമ്പനികളിൽ നിന്നും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. അപ്ഗ്രഡേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ വികസനത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഈജിസ് ഇൻഡ്യ എന്ന കൺസൾട്ടൻസി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ